സ്ഥാപനവത്കരണത്തോടുള്ള സമീപനം സി.ജെ.യുടെ കൃതികളിൽ

ആമുഖം

സ്ഥാപനവത്കരണത്തോടുള്ള സി.ജെ.തോമസിന്റെ സമീപനമെന്താണെന്ന് കൃതികളെ ആധാരമാക്കി അപഗ്രഥിക്കുവാനുള്ള ശ്രമമാണ് ഈ ഗവേഷണ പ്രബന്ധം. ദർശനങ്ങളിലും രചനകളിലും വേറിട്ട വഴികൾ തേടിയ നാടകകൃത്ത് എന്നനിലയിൽ സി.ജെ.യുടെ കൃതികളിലെ സാമൂഹികതയെയും, സ്ഥാപനവത്കരണത്തെയും അടിസ്ഥാനമാക്കിയുള്ള പഠനത്തിന് ഏറെ പ്രാധാന്യമുണ്ട്. കൃതികളുടെ അപഗ്രഥനത്തിലൂടെ സാമൂഹിക സ്ഥാപനങ്ങളോടുള്ള നിലപാടുകളെന്തെന്ന് കണ്ടെത്തുന്നതിനോടൊപ്പം സി.ജെ.യുടെ കലാവ്യക്തിത്വത്തെ അറിയുന്നതിനും ശ്രമിക്കുന്നു.

സമൂഹത്തെ ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നിയമപരമായ സംവിധാനങ്ങളാണ് സ്ഥാപനങ്ങൾ. മനുഷ്യരുടെ ജീവിതക്രമങ്ങളെ നിർണ്ണയിക്കുന്ന പൊതുനിയമങ്ങളുടെയും നടപടികളുടെയും ഏകോപനമാണ് സ്ഥാപനവത്കരണം എന്ന പ്രക്രിയ. സാമൂഹിക സ്ഥാപനങ്ങൾ സമൂഹത്തിന്റെ നിലനില്പിന് അനിവാര്യമായിരുന്നു. ക്രമേണ ഈ പ്രതിഭാസം മനുഷ്യരുടെ ജീവിതത്തിൽ ആധിപത്യം പുലർത്തി, ദൃശ്യവും അദൃശ്യവുമായ തലങ്ങളിൽ അവരെ നിയന്ത്രിച്ചു. വ്യക്തികളുടെ സ്വത്വബോധത്തിലും നൈസർഗ്ഗികചോദനകളിലും പ്രതിസന്ധി സൃഷ്ടിച്ചു.

കേരളചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്ന സി. ജെ. സാമൂഹിക സാഹചര്യങ്ങളോട് തികഞ്ഞ സംവേദനക്ഷമത പുലർത്തിയിരുന്നു. സംഘർഷഭരിതമായിരുന്ന രാഷ്ട്രീയ സാഹചര്യങ്ങളോടും,

നൂറ്റാണ്ടുകളുടെ പഴക്കമുള്ള സാമൂഹികവഴക്കങ്ങളോടുമുള്ള ക്രിയാത്മക പ്രതികരണങ്ങളായിരുന്നു സി.ജെ. കൃതികൾ. അദ്ദേഹത്തിന്റെ നാടകങ്ങളും, നാടക പഠനങ്ങളും, ലേഖനങ്ങളുമെല്ലാം മലയാളനാടക ചരിത്രത്തിൽ തന്നെ സുപ്രധാന പങ്കുവഹിക്കുന്നവയും, വേറിട്ടു നിൽക്കുന്നവയുമാണ്. വ്യക്തി സ്വാതന്ത്ര്യത്തിനെതിരായ സാമൂഹികതയുടെ ആധിപത്യ പ്രവണതകളെ സി.ജെ. തന്റെ കൃതികളിലൂടെ എതിർത്തു, സാമൂഹിക സ്ഥാപനങ്ങളുടെ അടിച്ചമർത്തലോളമെത്തുന്ന അധികാരഭാവത്തെ വിമർശന വിധേയമാക്കി. കുടുംബം, മതം, രാഷ്ട്രീയം, നിയമം, സമ്പദ്‌വ്യവസ്ഥ, വിദ്യാഭ്യാസം എന്നിങ്ങനെയുള്ള വിവിധ സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങളെയും ധർമ്മങ്ങളെയും വിശകലനം ചെയ്തു. ഒരു നിഷേധിയുടെ പുറംചട്ട അണിയുമ്പോഴും രാഷ്ട്രീയമായും മതപരമായും, സാമൂഹികമായും ആത്യന്തികമായി സാമൂഹിക നന്മയുടെ പക്ഷത്തും, മാനവികതയുടെ പക്ഷത്തും സി.ജെ. നിലകൊണ്ടു.

സി.ജെ. തോമസിന്റെ കൃതികളിലെ സാഹിത്യപരമായ സവിശേഷതകളെക്കുറിച്ച് വിവിധങ്ങളായ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും സാമൂഹികതയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഗവേഷണങ്ങൾ അധികമൊന്നുമുണ്ടായിട്ടില്ല. സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വിശകലനം എന്ന നിലയിൽ സ്ഥാപനവത്കരണത്തോടുള്ള സമീപനം സി.ജെ.യുടെ കൃതികളിൽ എന്ന പഠനത്തിന് ഏറെ പ്രസക്തിയുണ്ട്.

ഉള്ളടക്കം

പ്രബന്ധം നാല് അധ്യായങ്ങളായാണ് സംവിധാനം ചെയ്തിരിക്കുന്നത്. സി.ജെ. തോമസിന്റെ സ്വതന്ത്ര നാടകങ്ങൾ, വിവർത്തനങ്ങൾ, ലേഖനങ്ങൾ എന്നിവയെ പഠനവിധേയമാക്കിയിരിക്കുന്നു. ഒന്നാമത്തെ അധ്യായത്തിൽ സ്ഥാപനവത്കരണം എന്നതിന്റെ സൈദ്ധാന്തികതലം ചർച്ച ചെയ്ത്

വിശദീകരിക്കുന്നു. അതോടൊപ്പം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ കേരളത്തിലുണ്ടായിരുന്ന സാമൂഹിക വ്യവസ്ഥയേയും സ്ഥാപനങ്ങളെയും കുറിച്ച് വിശദമാക്കുന്നു. രണ്ടാമത്തെ അധ്യായത്തിൽ സാമ്പ്രദായിക സാഹിത്യസരണിയിൽ നിന്നു വേറിട്ടു നില്ക്കുന്ന സി.ജെ.യുടെ സ്വതന്ത്ര നാടകങ്ങൾ, വിവർത്തനങ്ങൾ, ലേഖനങ്ങൾ എന്നിവയെ പരിചയപ്പെടുത്തുകയും, അവയിലെ വ്യതിരിക്തത പരിശോധിച്ചറിയുകയും ചെയ്യുന്നു. വിവിധ സാമൂഹിക സ്ഥാപനങ്ങളോടുള്ള സി.ജെ.യുടെ സമീപനമെന്തായിരുന്നു എന്ന് വിശകലനം ചെയ്യുന്നതാണ് മൂന്നാമധ്യായം. നാലാമത്തെ അധ്യായം സ്ഥാപനവത്കരണത്തോടുള്ള നിലപാടുകളെ അടിസ്ഥാനമാക്കി സി.ജെ.യുടെ കലാവ്യക്തിത്വത്തിന്റെ സവിശേഷതകൾ അപഗ്രഥിക്കലാണ്. തുടർന്ന് അപഗ്രഥനങ്ങളിൽ നിന്നും ലഭ്യമായ നിഗമനങ്ങൾ ചേർത്തുവച്ച് പ്രബന്ധം ഉപസംഹരിക്കുന്നു.

അധ്യായം ഒന്ന്

സ്ഥാപനവത്കരണം – സൈദ്ധാന്തികതലം

സ്ഥാപനവത്കരണത്തെ സാമൂഹികശാസ്ത്രപരമായി വിശകലനം ചെയ്യുന്നു.

ഒരു പ്രത്യേക പ്രദേശത്ത് ഒരേ കാലയളവിൽ ഒരുമിച്ചായിരിക്കുന്ന മനുഷ്യരുടെ ഗണമാണ് സമൂഹം. മനുഷ്യരുടെ സാമൂഹിക ബന്ധങ്ങളിലൂടെയാണ് സമൂഹം രൂപപ്പെട്ടുവരുന്നത്. സമൂഹജീവിതത്തെക്കുറിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന ജ്ഞാനശാസ്ത്രമെന്ന നിലയിൽ സാമൂഹികശാസ്ത്രത്തിന് നമ്മുടെ വൈജ്ഞാനിക രംഗത്ത് ഏറെ പ്രാധാന്യമുണ്ട്. സമൂഹജീവിതത്തെ ക്രമപ്പെടുത്തുന്നതിനായി ചരിത്രാതീതകാലം മുതൽക്കേ ചില നിയമങ്ങൾ രൂപപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള നിയമങ്ങളിലൂടെയും, ആചാരങ്ങളിലൂടെയും മനുഷ്യരുടെ സാമൂഹികവ്യവഹാരങ്ങളെ രൂപപ്പെടുത്തുകയും ക്രമീകൃതമാക്കുകയും ചെയ്യുന്ന

പ്രക്രിയയാണ് സ്ഥാപനവത്കരണം. സമൂഹത്തിൽ നിലനിൽക്കുന്ന സമാനതകളേയും ഭിന്നതകളേയും, സഹകരണങ്ങളേയും, മാത്സര്യങ്ങളേയും ഏകോപിപ്പിക്കേണ്ടത് സമൂഹത്തിന്റെ നിലനില്പിന് അനിവാര്യമാണ്. സാമൂഹികസ്ഥാപനങ്ങളുടെ ചരിത്രപരമായ പ്രസക്തി ഇതാണ്. ഇതുവഴി സമൂഹത്തിലെ അംഗങ്ങളുടെ പ്രവർത്തനങ്ങളെ പ്രവചനീയവും ക്രമീകൃതവുമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. ഒരുവശത്ത് മനുഷ്യരെ സാമൂഹിക ജീവിതത്തിന് പ്രാപ്തരാക്കുന്നു. മറുവശത്ത് സമൂഹത്തിന്റെ സംഘടനാപരവും, മൂല്യബോധപരവുമായ തലങ്ങളെ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ലോകത്തെല്ലായിടത്തും സ്ഥാപനങ്ങൾ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ നിലനിൽക്കുന്നുണ്ട്. കുടുംബം, മതം, വിവാഹം, സമ്പദ്വ്യവസ്ഥ, രാഷ്ട്രീയം എന്നിവയാണ് പ്രാഥമിക സ്ഥാപനങ്ങൾ. വിദ്യാഭ്യാസം, നിയമം, നീതിന്യായ വ്യവസ്ഥ എന്നിവ ഉപസ്ഥാപനങ്ങളാണ്. കുടുംബമാണ് ലോകചരിത്രത്തിൽ ആദ്യം രൂപംകൊണ്ട സ്ഥാപനം. സമൂഹത്തിലെ ഏറ്റവും ചെറിയ ഘടകവും ഏറ്റവും ചെറിയ രക്തബന്ധ സമൂഹവുമാണ് കുടുംബം. വൈവാഹിക ബന്ധത്തിലൂടെയും രക്തബന്ധാധിഷ്ഠിതമായും കുടുംബം രൂപീകൃതമാവുന്നു.

കുടുംബമെന്നത് പോലെ സാർവ്വത്രിക സ്വഭാവമുള്ള സ്ഥാപനമാണ് മതം. പ്രകൃതിശക്തികളെ ആരാധിച്ചുകൊണ്ട് രൂപമെടുത്ത മതം ക്രമേണ ഒരു സ്ഥാപനമായി പരിണമിച്ചു. വിശ്വാസത്തിലധിഷ്ഠിതമായ സംഘബോധം രൂപപ്പെട്ടു. ക്രമേണ മതം മനുഷ്യവ്യവഹാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഏറ്റവും ശക്തമായ ഉപാധിയായിത്തീർന്നു.

കാർഷിക വ്യവസ്ഥയുടെ രൂപീകരണത്തിലൂടെയാണ് സമൂഹത്തിൽ സമ്പദ്വ്യവസ്ഥയ്ക്ക് തുടക്കം കുറിക്കപ്പെട്ടത്. ഭൂസ്വത്തിന്റെയും അധ്വാനത്തിന്റെയും

അടിസ്ഥാനത്തിലുള്ള സാമ്പത്തികാസമത്വങ്ങൾ സമൂഹത്തിലുണ്ടായി. ഫ്യൂഡലിസം, മുതലാളിത്തം, അടിമത്തം, സോഷ്യലിസം, വ്യാവസായിക വിപ്ലവം എന്നിവയെല്ലാം ആ വ്യവസ്ഥയുടെ വികാസ-പരിണാമദശകളിൽ വിവിധ കാലങ്ങളിലായി രൂപപ്പെട്ടു. വർഗ്ഗവ്യത്യാസങ്ങൾ രൂപപ്പെട്ടത് മനുഷ്യർക്കിടയിൽ അധികാരബന്ധങ്ങൾ രൂപം കൊള്ളുന്നതിനിടയാക്കി. ഒരു പ്രത്യേക പ്രദേശത്ത് ഒരു രാഷ്ട്രീയ സമൂഹമായി മനുഷ്യർ ഒത്തുചേർന്ന് ജീവിക്കുവാനാരംഭിച്ചു. പൊതുനിയമങ്ങൾ ഉണ്ടായി. ഭരണകൂടം നീതി-ന്യായ, ഭരണനിർവ്വഹണ സ്ഥാപനങ്ങളിലൂടെ നിയമങ്ങൾ നടപ്പിൽ വരുത്തി. ഭരണകൂടത്തിന്റെ നിയന്ത്രണോപാധികൾ പൊതുനിയമങ്ങൾക്ക് വഴങ്ങാത്തവരുടെമേൽ പ്രത്യക്ഷമായോ പരോക്ഷമായോ അച്ചടക്കം നടപ്പിലാക്കി. ഭരണകൂട സ്ഥാപനത്തിൽ കേന്ദ്രീകരിക്കുന്ന അധികാരം അംഗങ്ങൾക്ക് പരമാവധി ക്ഷേമം വാഗ്ദാനം ചെയ്തുകൊണ്ട് പൗരന്മാരുടെ സ്വാതന്ത്ര്യത്തെ നിയന്ത്രണവിധേയമാക്കുന്നിടത്താണ് അവ സ്ഥാപനവത്കരിക്കപ്പെടുന്നത്.

കേരളത്തിലെ സാമൂഹിക വ്യവസ്ഥയും സ്ഥാപനങ്ങളും ഇരുപതാം നൂറ്റാണ്ടിൽ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ കേരളത്തിൽ നിലനിന്നിരുന്ന രാഷ്ട്രീയ-സാമൂഹികസാഹചര്യങ്ങൾ വിശദീകരിക്കുന്നു. അതിലൂടെ സി.ജെ. തോമസിന്റെ കലാവ്യക്തിത്വത്തെ രൂപപ്പെടുത്തിയ സ്ഥലകാലങ്ങളേയും സൃഷ്ടി പരിസരങ്ങളെയും അറിയുന്നതിനും മനസ്സിലാക്കുന്നതിനും സാധിയ്ക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടി കേരളത്തിൽ രാഷ്ട്രീയ-സാമൂഹികരംഗത്ത് അനേകം പരിവർത്തനങ്ങളുണ്ടായി. സമത്വാധിഷ്ഠിതമല്ലാത്ത, ജാതീയമായ സാമൂഹികഘടനയിൽ മാറ്റങ്ങളുണ്ടാവാനാരംഭിച്ചു. ദേശീയ പ്രസ്ഥാനങ്ങൾ വഴി രാഷ്ട്രീയരംഗത്തും മാറ്റങ്ങളുണ്ടായി. കമ്മ്യൂണിസത്തിന്റെ കടന്നുവരവ് ജന്മിത്തത്തെയും ജാതീയമായ മേൽക്കോയ്മകളേയും ഇല്ലായ്മ ചെയ്യുന്നതി

നുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദകമായിത്തീർന്നു. കുടുംബ-വിവാഹ വ്യവസ്ഥകളിലും പരിവർത്തനങ്ങളുണ്ടായി. സംബന്ധം, വേളി, ബഹുഭാര്യാ-ഭർതൃത്വം എന്നിങ്ങനെയുള്ള വിവാഹരീതികൾ അണുകുടുംബങ്ങളിലേയ്ക്കും, ഏക ഭാര്യാ-ഭർതൃ ബന്ധങ്ങളിലേയ്ക്കും പരിണമിച്ചു. വിദ്യാഭ്യാസ രംഗത്തുണ്ടായ നവീകരണ പ്രവർത്തനങ്ങളും, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരവും വിദ്യാഭ്യാസ രംഗത്ത് ഉണർവുണ്ടാക്കി. അതിനെ തുടർന്നുണ്ടായ സാംസ്ക്കാരിക നവോത്ഥാനം സാഹിത്യരംഗത്തും മാറ്റങ്ങൾക്ക് കാരണമായി. ലോകസാഹിത്യരംഗത്തുണ്ടായ നൂതന പ്രവണതകളെ സ്വാംശീകരിച്ച്, നാടക സാഹിത്യമുൾപ്പെടെയുള്ള വിവിധ ഗദ്യസാഹിത്യ മാതൃകകളും പ്രചാരത്തിൽ വന്നു. ഇത്തരത്തിലുള്ള അനേകം പരിവർത്തനോദ്യമങ്ങളിലൂടെ കടന്നു പോയെങ്കിലും പുരോഗമനപരമായ നവീകരണത്തിലേയ്ക്ക് കേരള സമൂഹവും സ്ഥാപനങ്ങളും കാലാനുസൃതമായി കടന്നു വരേണ്ടതുണ്ടായിരുന്നു. അക്കാലത്തെ സാമൂഹിക സ്ഥാപനങ്ങൾ അവയുടെ ധർമ്മങ്ങളിലും ലക്ഷ്യങ്ങളിലും അയവില്ലാത്തതും കാർക്കശ്യം നിറഞ്ഞതുമായ നിലപാടുകളാണ് പുലർത്തിയിരുന്നത്. ജാതീയമായ വേർതിരിവുകൾക്കിടയിലും വൈരുധ്യമാർന്ന സദാചാര സങ്കല്പങ്ങൾ ഓരോ വിഭാഗവും തുടർന്നുപോന്നു. മതബോധവും ആചാരബദ്ധതയും കർശനമായി പാലിക്കപ്പെടുകയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു. രാഷ്ട്രീയ-നിയമ സംഹിതകൾ അധികാരശക്തികളുടെ നിയന്ത്രണത്തിൽ നിന്ന് പൂർണ്ണമായും വിമുക്തമായിരുന്നില്ല. ഇത്തരത്തിൽ ബാഹ്യമായി ചലനാത്മകമായിരുന്ന കേരളീയ സാമൂഹികത ആന്തരികമായി പുലർത്തിപ്പോന്ന യാഥാസ്ഥിതികത്വത്തെ തിരിച്ചറിയാൻ സാധിച്ച സാഹിത്യകാരനാണ് സി.ജെ. താൻ ജീവിച്ചിരുന്ന കാലഘട്ടത്തോടുള്ള പ്രതികരണങ്ങളും പുരോഗമനപരമായ ദർശനങ്ങളുമാണ് സി.ജെ. തോമസ് എന്ന പ്രതിഭാശാലിയായ എഴുത്തുകാരന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയത്.

അധ്യായം രണ്ട്

സി. ജെ. തോമസ് – വേറിട്ട വഴിയിലൂടെ

സി.ജെ.യുടെ നാടകാവബോധത്തെ രൂപപ്പെടുത്തിയ ജീവിതപശ്ചാത്തലം പരിശോധിക്കുന്നു. ഏതെല്ലാം മേഖലകളിലാണ് സി.ജെ. നിലവിലിരുന്ന നാടകസങ്കല്പങ്ങളോട് കലഹിച്ചിരുന്നതെന്നും, സ്വതന്ത്രമായി, സർഗ്ഗാത്മകമായി അവയെ നവീകരിക്കുവാൻ പരിശ്രമിച്ചിരിക്കുന്നതെന്നും കണ്ടെത്തുവാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്.

സി.ജെ.യുടെ സ്വതന്ത്ര നാടകങ്ങൾ, വിവർത്തന നാടകങ്ങൾ എന്നിവയ്ക്കൊപ്പം ലേഖനങ്ങൾ കൂടി പഠനവിധേയമാക്കിയിരിക്കുന്നു. ഇതിവൃത്തം, രൂപശില്പം, കഥാപാത്രാവിഷ്ക്കരണം, സംഭാഷണം എന്നീ നാടക സങ്കേതങ്ങളിലൂടെ തന്റെ നാടകങ്ങളെ ദർശനാധിഷ്ഠിതമായ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങളായി സി.ജെ. മാറ്റിയിരിക്കുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുന്നു. നാടകനാമം, രംഗാവിഷ്ക്കരണം എന്നിവയുൾപ്പെടെ നാടകത്തിന്റെ എല്ലാ അംശങ്ങളിലും വ്യവസ്ഥാപിത നാടക സങ്കല്പങ്ങളെ തകിടം മറിക്കുന്നതിനും, മലയാള നാടക സാഹിത്യത്തിന് അപരിചിതമായിരുന്ന രൂപപരതയും ഭാവഗുണവും പകർന്നു നല്കുന്നതിനും സി.ജെ.യ്ക്ക് കഴിഞ്ഞു. ലോകനാടകവേദിയിലെ നൂതനപ്രവണതകളെ സ്വാംശീകരിച്ചതിന്റെ ഫലമായുള്ള ദർശനപരമായ ഔന്നത്യവും സ്വാതന്ത്ര്യ ബോധവും സി.ജെ.യുടെ നാടകങ്ങളിലും വിവർത്തനങ്ങളിലും കണ്ടെത്താൻ സാധിക്കുന്നു. നിലവിലിരുന്ന നാടകവേദിയോടും, വിവർത്തനങ്ങളോടുമുള്ള അസംതൃപ്തിയായിരുന്നു സി.ജെ.യുടെ വിവർത്തനശ്രമങ്ങൾക്കുള്ള പ്രധാനകാരണം. വിശ്വനാടകവേദിയിലെ വൈവിധ്യമാർന്ന നാടകാഭിരുചികളുടെ പ്രാതിനിധ്യം വഹിക്കുന്ന കൃതികൾ തെരഞ്ഞെടുത്താണ് സി.ജെ. വിവർത്തനം ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ നാടകരംഗത്തും

സാമൂഹികരംഗത്തും നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെയുള്ള പ്രതികരണങ്ങളായിരുന്നു. സ്ഥാപിത താല്പര്യങ്ങളുടേയും കീഴ്വഴക്കങ്ങളുടേയും പിടിയിൽ നിന്നും മലയാള നാടകവേദിയെ വിമോചിപ്പിച്ച്, പുരോഗമനപരമായ ദിശാബോധം പകർന്നു നല്കുക എന്ന ചരിത്രപരമായ ദൗത്യമാണ് തന്റെ നാടകപ്രവർത്തനങ്ങളിലൂടെ സി.ജെ. നിർവ്വഹിച്ചിരിക്കുന്നത്.

അധ്യായം മൂന്ന്

പൊളിച്ചെഴുത്തിന്റെ രീതിശാസ്ത്രം

സാമൂഹികശാസ്ത്രത്തിന്റെ സൈദ്ധാന്തിക തലത്തെ അടിസ്ഥാനമാക്കി സ്ഥാപനവത്കരണത്തോടുള്ള സി.ജെ.യുടെ പൊതുവായ നിലപാടുകളെന്താണെന്ന് കൃതികളിലൂടെ അന്വേഷിച്ചറിയുവാനുള്ള ശ്രമമാണ് 'പൊളിച്ചെഴുത്തിന്റെ രീതിശാസ്ത്രം' എന്ന ഭാഗത്തിലൂടെ നിർവഹിക്കപ്പെടുന്നത്.

കുടുംബം, മതം, സമ്പദ്വ്യവസ്ഥ, രാഷ്ട്രീയം, നിയമം തുടങ്ങിയവ സ്ഥാപനവത്ക്കരിക്കപ്പെടുന്നതിനിടയാക്കുന്ന സാഹചര്യങ്ങളെയും അതിന്റെ ഫലങ്ങളെയും തന്റെ നാടകങ്ങളിലൂടെ സി.ജെ. അവതരിപ്പിച്ചിരിക്കുന്നു. സ്ഥാപനവത്കരണത്തിലൂടെ സമൂഹത്തിലുളവാകുന്ന ആധിപത്യ പ്രവണതകളും മനുഷ്യത്വരഹിതമായ നിലപാടുകളും തിരുത്തപ്പെടേണ്ടതുണ്ട് എന്ന ബോധ്യമാണ് സി.ജെ.യെ നയിക്കുന്നത്. വ്യക്തിബന്ധങ്ങളും, കുടുംബബന്ധങ്ങളും ജൈവികമായ തനിമയുൾക്കൊണ്ട് സ്വതന്ത്രവും അയവുള്ളതുമായി മാറുകയാണ് വേണ്ടത്. സ്ത്രൈണത, സ്ത്രീപുരുഷബന്ധങ്ങൾ, പ്രണയം, ലൈംഗികത എന്നിവയെ പുനർനിർവചിക്കുവാൻ സി.ജെ. ശ്രമിച്ചത് സ്ത്രീപക്ഷ വീക്ഷണഫലമായാണ്. വ്യക്തികളുടെ നൈസർഗ്ഗികചോദനകളെ അടിച്ചമർത്തുന്ന മത-കുടുംബസ്ഥാപനങ്ങളുടെ ചിത്രീകരണങ്ങളിലൂടെ സ്ഥാപനവത്കരണ പ്രക്രിയയുടെ പരിമിതികളും ന്യൂനതകളും വ്യക്തമാക്കിയിരിക്കുന്നു. ആചാരബദ്ധമായ മതബോധത്തേക്കാൾ

ആധ്യാത്മിക പരിവർത്തനമാണ് ആവശ്യം എന്ന് സ്ഥാപിച്ചെടുക്കാനും തന്റെ കൃതികളിലൂടെ സി.ജെ.യ്ക്ക് കഴിഞ്ഞിരിക്കുന്നു. അധികാരം, സമ്പദ്‌വ്യവസ്ഥ എന്നിവ സ്ഥാപനവത്കരിക്കപ്പെടുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരും ചൂഷിതരുമായ മനുഷ്യരുടെ പക്ഷത്ത് അദ്ദേഹം നിലകൊള്ളുന്നു. സ്ഥാപനവത്കരണ പ്രക്രിയയെ വിമർശിക്കുന്നതിലൂടെ സമൂഹത്തിലെ സുസ്ഥിതിയ്ക്ക് ഭംഗം വരുത്തുവാനോ സമൂഹത്തെ അരാജകത്വത്തിലേക്ക് നയിക്കുവാനോ സി.ജെ. ആഗ്രഹിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. ലക്ഷ്യങ്ങളിൽ നിന്നും ധർമ്മങ്ങളിൽ നിന്നും വ്യതിചലിച്ചു പോവുന്ന സാമൂഹിക സ്ഥാപനങ്ങളെ തിരുത്തുവാനും നവീകരിക്കുവാനുമാണ് അദ്ദേഹം ശ്രമിക്കുന്നത്.

അധ്യായം നാല്

ധിക്കാരിയുടെ കാതൽ

സ്ഥാപനവത്കരണത്തോടുള്ള സി.ജെ.യുടെ സമീപനമെന്താണെന്ന് പഠനങ്ങളിലൂടെ ഉരുത്തിരിഞ്ഞ വസ്തുതകളെ ആധാരമാക്കി സി.ജെ.യുടെ കലാവ്യക്തിത്വത്തെ അന്വേഷിച്ചറിയുവാനുള്ള ശ്രമമാണ് നാലാം അധ്യായത്തിലുള്ളത്.

ലഭ്യമായ നിഗമനങ്ങളെ ആധാരമാക്കി സി.ജെ.യുടെ കൃതികൾ, വിവർത്തനങ്ങൾ, ലേഖനങ്ങൾ എന്നിവയെ അപഗ്രഥിച്ചുകൊണ്ട് സി.ജെ.യുടെ കലാവ്യക്തിത്വത്തെ അന്വേഷിച്ചറിയുവാനുള്ള ശ്രമമാണ് നാലാം അധ്യായത്തിലുള്ളത്. ദർശനാധിഷ്ഠിതമായ പുരോഗമനചിന്തകളെ തന്റെ കൃതികളിലൂടെ പ്രയോഗതലത്തിൽ കൊണ്ടുവന്നു എന്നതാണ് സി.ജെ.യുടെ ഏറ്റവും മഹത്തായ സർഗസംഭാവന. അതിലൂടെ രൂപഗുണവും ഭാവഗുണവും ഒത്തുചേർന്ന വ്യതിരിക്തമായ കൃതികളെ മലയാള നാടകസാഹിത്യ ചരിത്രത്തിന് പ്രദാനം ചെയ്യുവാൻ കഴിഞ്ഞു. നിലവിലിരുന്ന നാടക സാഹിത്യദർശനങ്ങളെ നവീകരിക്കുവാൻ ശ്രമിച്ച രൂപനിഷേധിയായിരുന്നു സി.ജെ.

സാമൂഹികസ്ഥാപനങ്ങളുടെ ധർമ്മങ്ങളിൽ കാലാനുസൃതമായ നവീകരണം ഉണ്ടാവണം. നിയമങ്ങളും വ്യവസ്ഥകളും മനുഷ്യനു വേണ്ടിയാകണം. എന്നീ ചിന്തകളാലാണ് സി.ജെ. നയിക്കപ്പെട്ടത്. വ്യവസ്ഥിതിയോ, സാമൂഹിക സ്ഥാപനങ്ങളോ ഇല്ലായ്മ ചെയ്യപ്പെടണമെന്ന് സി.ജെ. ആഗ്രഹിക്കുന്നില്ല. സ്ഥാപനങ്ങളോടുള്ള നിലപാടുകളിൽ നിന്ന് വ്യക്തമാകുന്ന ഏറ്റവും പ്രധാന ദർശനം സി.ജെ.യിലെ മാനവികതാബോധമാണ്. സ്ഥാപനങ്ങളുടെ ധർമ്മങ്ങളെയും ലക്ഷ്യങ്ങളെയും നവീകരിക്കുന്നതിനുവേണ്ടി ശ്രമിച്ചത് ചൂഷിതരും അടിച്ചമർത്തപ്പെട്ടവരുമായ മനുഷ്യരോടുള്ള അനുഭാവത്താൽ പ്രേരിതനായാണ്. സ്ത്രീപക്ഷപരമായ ചിന്തകളും നിലപാടുകളുമാണ് സി.ജെ.യുടെ കലാവ്യക്തിത്വത്തിന്റെ മറ്റൊരു പ്രധാന സവിശേഷത. ഒരുവന്റെ വ്യക്തിസ്വാതന്ത്ര്യം, നൈസർഗ്ഗികചോദനകൾ എന്നിവ മറ്റെന്തിനേക്കാളും പ്രധാനമാണ് എന്ന നിലപാട് വ്യക്തിവാദമെന്നതിനുപരിയായി സി.ജെ.യിലെ വ്യക്തിസത്തയെ വെളിപ്പെടുത്തുന്നു. മതത്തിന്റെ ആചാരക്രമങ്ങൾക്കും വിശ്വാസങ്ങൾക്കുമുപരിയായ ഒരു ആത്മീയ മനുഷ്യൻ സി.ജെ.യുടെ വ്യക്തിത്വത്തിൽ ഉൾച്ചേർന്നിരുന്നുവെന്നത് കൃതികളുടെ പഠനം വ്യക്തമാക്കുന്നു. വർഗപരമായി താഴേത്തട്ടിൽ നിൽക്കുന്നവരോടുള്ള ആഭിമുഖ്യം സി.ജെ.യുടെ കലാവ്യക്തിത്വത്തെ ശക്തമായി സ്വാധീനിച്ച ഘടകമാണ്. സോഷ്യലിസത്തിന്റെ സ്ഥാപനവത്കൃതമായ അധികാര സങ്കല്പങ്ങളിൽ നിന്ന് വ്യതിചലിച്ച് അതിന്റെ ആദർശതലത്തെ തന്റെ കലാജീവിതത്തോട് സി.ജെ. ചേർത്തുവച്ചു.

ഉപസംഹാരം

ഒരു പ്രത്യേക പ്രദേശത്ത്, ഒരേ കാലയളവിൽ ഒരുമിച്ചായിരുന്നുകൊണ്ട് സാമൂഹികപ്രവർത്തനങ്ങൾ നടത്തുന്ന മനുഷ്യരുടെ ഗണമാണ് സമൂഹം. സമൂഹജീവിതത്തിലൂടെ ക്രമേണ രൂപപ്പെട്ടു വന്നതും, സമൂഹത്താൽ സ്ഥാപിതവും, ക്രമീകൃതവും, അംഗീകൃതവുമായ പ്രവർത്തനസംഹിതകളാണ് സ്ഥാപനങ്ങൾ. നിയമപരമായ സംവിധാനക്രമം എന്ന നിലയിലാണ് സ്ഥാപനങ്ങൾ ഉടലെടുത്തത്. സമൂഹജീവിതം സുഗമമാക്കുന്നതിന് വേണ്ടി നിർദ്ദിഷ്ടരീതിയിൽ

സംവിധാനം ചെയ്യപ്പെട്ട നടപടിക്രമങ്ങൾ സമൂഹത്തിൽ രൂപപ്പെട്ടുവരുന്ന പ്രക്രിയയാണ് സ്ഥാപനവത്കരണം. സമൂഹം, സാമൂഹിക സ്ഥാപനങ്ങൾ, സ്ഥാപനവത്കരണം എന്നിവയെയെല്ലാം പഠനവിധേയമാക്കി യിട്ടുള്ള ശാസ്ത്രശാഖയാണ് സാമൂഹികശാസ്ത്രം. കുടുംബം, മതം, വിവാഹം, സമ്പദ്വ്യവസ്ഥ എന്നീ പ്രാഥമിക സ്ഥാപനങ്ങളാണ് സമൂഹത്തിൽ ആദ്യമുണ്ടായത്. മനുഷ്യരുടെ വികസിച്ചുവന്ന ജീവിതാവശ്യങ്ങളിൽ നിന്ന് വിദ്യാഭ്യാസം, നിയമം, നീതിന്യായവ്യവസ്ഥ, ഭരണക്രമങ്ങൾ എന്നിവ രൂപപ്പെട്ടു.

ജാത്യധിഷ്ഠിതമായിരുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയുടെ ശേഷിപ്പുകൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ കേരളത്തിൽ നിലനിന്നിരുന്നു. നിയമവും, അധികാരവും, മറ്റു ജീവിതക്രമങ്ങളും ജാതിവ്യവസ്ഥയ്ക്കും, കോളനിവത്കരണത്തിനും കീഴ്പ്പെട്ടുനിന്നു. നവീകരണപ്രസ്ഥാനങ്ങൾ സാമൂഹികഘടനയിൽ ബാഹ്യമായ തലത്തിൽ പരിണാമങ്ങൾ വരുത്തി. എങ്കിലും അക്കാലത്ത് നിലവിലിരുന്ന സാമൂഹിക സ്ഥാപനങ്ങൾ കർക്കശവും അയവില്ലാത്തതുമായ നിയമക്രമങ്ങളാൽ നിയന്ത്രിതമായിരുന്നു. ഈ സ്ഥാപനങ്ങളിലെ അസമത്വങ്ങളെയും, അനീതികളെയും തിരിച്ചറിഞ്ഞ് അവയ്ക്കെതിരെ കലാപമുയർത്തിയ നാടകകാരനായിരുന്നു സി.ജെ.

സി.ജെ.യുടെ കലാവ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ ജീവിതപശ്ചാത്തലത്തിനും പങ്കുണ്ട്. വിശ്വാസവും, അവിശ്വാസവും, യാഥാസ്ഥിതികത്വവും പുരോഗമനചിന്തകളും, ആദർശങ്ങളും അവയുടെ പ്രായോഗികതലവും തമ്മിലുള്ള സംഘർഷത്തിന് സി.ജെ. നിരന്തരമായി വിധേയനായി. ആത്മസംഘർഷങ്ങളോടും കാലത്തോടും സമൂഹത്തോടും തന്റെ നാടകദർശനങ്ങളിലൂടെ അദ്ദേഹം പ്രതികരിച്ചു. നിലവിലിരുന്ന നാടക സങ്കേതങ്ങളിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ബോധപൂർവ്വം ശ്രമിച്ചതിന്റെ ഫലങ്ങളാണ് സി.ജെ.യുടെ സ്വതന്ത്രനാടകങ്ങൾ. യഥാതഥമോ, അമിതമായ

നാടകീയത നിറഞ്ഞിരുന്നതോ ആയ മലയാളനാടകവേദിക്ക് അവയിലൂടെ നവമായ ഒരു നാടകാവബോധം പകർന്നു നല്കപ്പെട്ടു. വേറിട്ടു നില്ക്കുന്നതും, ലോകസാഹിത്യത്തോട് തുലനം ചെയ്യാവുന്നതും വൈവിധ്യമാർന്നതുമായ ഇതിവൃത്ത സ്വീകരണമാണ് സ്വതന്ത്രനാടകങ്ങളുടേത്. അവ രൂപശില്പത്തിലും വൈവിധ്യം പുലർത്തുന്നു. നാടകനാമം, രംഗസജ്ജീകരണം, സംഭാഷണം, കഥാപാത്രാവിഷ്കരണം എന്നീ നാടകീയാംശങ്ങളിലെല്ലാം നാടകീയവീക്ഷണം പുലർത്തിയിരിക്കുന്നു. നാടകങ്ങളിലെ സംഭാഷണങ്ങൾ സംഘർഷാത്മകതയെ വളർത്തുന്നതിനുള്ള പ്രധാന ഉപാധിയും, ധ്വന്യാത്മകമായ അനേകം അർത്ഥതലങ്ങൾ ഉള്ളവയുമാണ്. സ്ഥാപനവത്കൃത മൂല്യങ്ങൾക്കെതിരെ പൊരുതുന്നതുകൊണ്ട് ആത്മസംഘർഷങ്ങളേറ്റുവാങ്ങേണ്ടി വരുന്ന കഥാപാത്രങ്ങളാണ് സി.ജെ.നാടകങ്ങളുടെ പ്രധാന സവിശേഷത. കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങളിലൂടെയാണ് നാടകീയ സംഘർഷം സൃഷ്ടിക്കപ്പെടുന്നതും, വളരുന്നതും, മൂർധന്യാവസ്ഥയിലേയ്ക്കെത്തിച്ചേരുന്നതും.

വിശ്വനാടകവേദിയിലെ ഏറ്റവും ഉത്കൃഷ്ടങ്ങളായ നാടകങ്ങളാണ് സി.ജെ. വിവർത്തനത്തിനായി തെരഞ്ഞെടുത്തത്. വിവർത്തിത കൃതികൾ നിലവിലുണ്ടായിരുന്ന വിവർത്തനശ്രമങ്ങളുടെ പോരായ്മകളെ വ്യക്തമാക്കാനുതകുന്നവയാണ്. ഉത്തമകലയായ നാടകത്തെ സംബന്ധിച്ച വേറിട്ട ദർശനങ്ങളാണ് സി.ജെ.യുടെ ലേഖനങ്ങളിലുൾപ്പെടുത്തിയിരിക്കുന്നത്. നാടകത്തിന്റെ സമസ്തമേഖലകളെക്കുറിച്ചുമുള്ള ആധികാരികമായ അറിവുകളും സമകാലിക മലയാളനാടകവേദിയെക്കുറിച്ചുള്ള തിരിച്ചറിവുകളുമാണ് ലേഖനങ്ങളിലൂടെ വ്യക്തമാക്കപ്പെടുന്നത്.

സാമൂഹിക സ്ഥാപനങ്ങളുടെ രൂപീകരണം, നിലനില്പ്, പ്രസക്തി എന്നിവയെ സംബന്ധിച്ചുള്ള ചരിത്രാവബോധം സി.ജെ.യ്ക്കുണ്ടായിരുന്നു. തന്റെ ലേഖനങ്ങളിലൂടെ അദ്ദേഹം നിലവിലിരുന്ന എല്ലാ സ്ഥാപനങ്ങളുടെയും

ചരിത്രപരമായ പ്രസക്തി വിലയിരുത്തിയിട്ടുണ്ട്. കുടുംബം, മതം, നിയമം, സമ്പദ്‌വ്യവസ്ഥ, രാഷ്ട്രീയം, വിദ്യാഭ്യാസം, തുടങ്ങിയ എല്ലാ സാമൂഹിക സ്ഥാപനങ്ങളെയും സി.ജെ. തന്റെ നാടകങ്ങളിലൂടെ അവതരിപ്പിച്ചു. കുടുംബം എന്ന സ്ഥാപനത്തിന്റെ ധർമ്മങ്ങളിലെയും ലക്ഷ്യങ്ങളിലെയും പാളിച്ചകളെ നാടകങ്ങളിലൂടെ വെളിപ്പെടുത്തുകയും, നവീകരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. മനുഷ്യനിലെ നൈസർഗികചോദനകളെ അടിച്ചമർത്തുന്ന വിവാഹം എന്ന സ്ഥാപനത്തെ സി.ജെ. വിമർശനവിധേയമാക്കുന്നു. മാംസനിബദ്ധമായ രാഗം എന്ന കാഴ്ചപ്പാടിലധിഷ്ഠിതമായി പ്രണയം-ലൈംഗികത എന്നിവയെ സംബന്ധിച്ച വേറിട്ട ദർശനങ്ങൾ തന്റെ നാടകത്തിലൂടെ അവതരിപ്പിക്കുന്നു.

ആചാരങ്ങളും, വിശ്വാസങ്ങളും കൈമാറുന്നതിനും അടിച്ചേൽപ്പിക്കുന്നതിനുമുള്ള വേദിയാണ് മതം എന്ന് സി.ജെ. തന്റെ നാടകങ്ങളിലൂടെ വ്യക്തമാക്കുന്നു. മതത്തിന്റെ പൗരോഹിത്യധർമ്മത്തേക്കാൾ ആത്മീയമായി നവീകരിക്കുന്ന പ്രവാചകധർമ്മത്തോട് സി.ജെ.യുടെ ദർശനങ്ങൾ ആഭിമുഖ്യം പുലർത്തുന്നു. മതത്തിന്റെ സ്ഥാപനവത്കൃത നിലപാടുകളെയാണ് സി.ജെ.കൃതികൾ ആവിഷ്കരിക്കുന്നത്. അതുവഴി മതം മനുഷ്യന്റെ നൈസർഗികതകളുടെ മേലും സ്വാതന്ത്ര്യത്തിന്റെ മേലും ആധിപത്യം സ്ഥാപിക്കുന്നതിനെ വിമർശന വിധേയമാക്കുന്നു.

സോഷ്യലിസ്റ്റ് ആദർശങ്ങളുടെ പ്രായോഗികതലമായ കമ്മ്യൂണിസം സ്ഥാപനവത്കൃതമാകുന്നതിന്റെ അപകടവും അപചയവും കൃതികളിലൂടെ അവതരിപ്പിക്കപ്പെടുന്നു. വിപ്ലവങ്ങൾ നടത്തി അധികാരത്തിലേറുന്നവർ പിന്നീട് സ്വയം മർദ്ദകരാവുന്നു. ജനാധിപത്യത്തെ ആദരിക്കുന്നുണ്ടെങ്കിലും, ബഹുജനങ്ങളുടെ നിലപാടുകളിലെ അപകടസാധ്യതകളെ അദ്ദേഹം ഭയക്കുന്നു. ജനങ്ങളുടെ സംഘബോധത്തെക്കാൾ വ്യക്തിസത്തയ്ക്കും സ്വാതന്ത്ര്യത്തിനുമാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ജനാധിപത്യം, സമത്വം, സോഷ്യലിസം എന്നിവ

ആദർശതലങ്ങളിൽ വിജയിക്കുകയും, പ്രായോഗികതകളിൽ പരാജയപ്പെടുകയും ചെയ്യുന്നു. വർഗ്ഗ വ്യത്യാസങ്ങൾ സാമ്പത്തിക സ്ഥാപനവത്കരണത്തിന്റെ ഫലമായാണുണ്ടാകുന്നത് എന്ന് തിരിച്ചറിഞ്ഞ സി.ജെ. പാർശ്വവത്കരിക്കപ്പെട്ട അധഃസ്ഥിതവർഗ്ഗത്തോടാണ് അനുഭാവം പുലർത്തിയത്. നിയമങ്ങൾ കർശനമായി നടപ്പാക്കപ്പെടുമ്പോൾ, മാനവികത നഷ്ടപ്പെട്ട് സാമൂഹിക നിയന്ത്രണ ഉപാധികൾ മാത്രമായിത്തീരുന്നു എന്നതും സി.ജെ. തന്റെ കൃതികളിലൂടെ വ്യക്തമാക്കുന്നു.

സമൂഹത്തിൽ അവഗണിക്കപ്പെടുകയും ചൂഷണവിധേയരാകുകയും ചെയ്യുന്ന വിഭാഗങ്ങൾക്ക് നേരെയുള്ള അനുഭാവം സി.ജെ.യുടെ മാനവികവ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു. കേരളത്തിൽ സ്ത്രീപക്ഷവാദം ഒരു സാമൂഹ്യനിലപാടായി രൂപപ്പെടുന്നതിനു മുൻപു തന്നെ സ്ത്രീപക്ഷവീക്ഷണങ്ങൾ പുലർത്തിയ വ്യക്തിയായിരുന്നു സി.ജെ. മതസ്ഥാപനവത്കരണത്തെയും ആചാരബദ്ധതയെയും എതിർത്ത മതനിഷേധിയായ സി.ജെ.യിൽ ബൈബിൾ സ്വാധീനത്തിലൂന്നിയ ആത്മീയവ്യക്തിത്വം നിലനിന്നിരുന്നു. സാമൂഹികതയുടെ ആധിപത്യപ്രവണതകളെ എതിർക്കുന്ന സി.ജെ. മനുഷ്യരുടെ വ്യക്തിസത്തയ്ക്കാണ് പ്രാധാന്യം നല്കുന്നത്. സോഷ്യലിസ്റ്റ് ആദർശസംഹിതകളാൽ നിയന്ത്രിതമായിരുന്ന മാനവിക വ്യക്തിത്വമാണ് സി.ജെ.യ്ക്കുണ്ടായിരുന്നതെന്ന് മനസ്സിലാക്കാനാവുന്നു.

സമൂഹത്തിൽ നിലനിന്നിരുന്ന സ്ഥാപനരൂപങ്ങളെ വിമർശനാത്മകമായി സമീപിച്ചതിന്റെ ആവിഷ്കാരങ്ങളാണ് സി.ജെ. കൃതികൾ. സമൂഹത്തിന്റെ സുസ്ഥിതിക്കും മനുഷ്യരുടെ നന്മയ്ക്കും വേണ്ടി രൂപം കൊണ്ട സ്ഥാപനങ്ങളോരോന്നും ആത്യന്തികമായി വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നവയായിത്തീരുന്നു എന്ന യാഥാർത്ഥ്യം തന്റെ സാഹിത്യകൃതികളിലൂടെ സി.ജെ. വെളിപ്പെടുത്തുന്നു. നാടകങ്ങളിൽ അവയോരോന്നും ദൃശ്യബിംബങ്ങളായി പ്രേക്ഷകന്റെ മുമ്പിലെത്തി, കപടത നിറഞ്ഞ സ്വന്തം വ്യക്തിത്വത്തെ വെളിപ്പെടുത്തി പിൻവാങ്ങുന്നു. സ്ഥാപനവത്കൃത മൂല്യങ്ങളെ തന്റെ കൃതികളിലൂടെ തിരുത്തുവാനും

നവീകരിക്കുവാനും ശ്രമിക്കുന്നതിലൂടെ ഒരു നല്ല സാമൂഹികക്രമം എന്ന സങ്കല്പനത്തെ മുന്നോട്ടു വയ്ക്കുകയാണ് ചെയ്യുന്നത്. പ്രവാചകദൗത്യമാണ് സി.ജെ.യും നിർവ്വഹിക്കുന്നത്. സമൂഹത്തിലെ അധാർമ്മികതകൾക്ക് നേരെ വിരൽചൂണ്ടി, അവയെ തിരുത്തിയെഴുതുവാൻ ശ്രമിക്കുന്ന മാനവികതയുടെ വക്താവാണ് സി.ജെ. തോമസ്. അപരിമേയമായ വ്യക്തിസ്വാതന്ത്ര്യവും ഉദാത്തമായ മാനവികതാബോധവുമാണ് സി.ജെ.യുടെ ദർശനങ്ങളുടെ അടിത്തറ.